R4/50136/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ , തിരുവനന്തപുരം
തിയ്യതി 17.02.2023

**സുവർണ്ണജൂബിലി മെരിറ്റ്**
**സ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2022-23**

കേരളത്തിലെ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻറുകളിലും പഠിക്കുന്ന ബിരുദ,ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 2022-23അദ്ധ്യയന വർഷം,സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ് സൈറ്റായ www.dcescholarship .kerala gov .in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

**1) യോഗ്യതകൾ**

എ) 2020-21, 2021-22 വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ടും ,മൂന്നും വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) ഡിഗ്രി 2 year ന് സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 50%-ത്തിൽ കുറയാതെയുള്ള ഒന്നാം വർഷം ലഭിച്ച മാർക്കും മൂന്നാം വർഷത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥികൾ രണ്ടാം വർഷം ലഭിച്ച മാർക്കിൻറെയും അടിസ്ഥാനത്തിൽ അപേക്ഷ നൽകാവുന്നതാണ്. PG II year ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 50%-ത്തിൽ കുറയാതെയുള്ള ഒന്നാം വർഷം ലഭിച്ച മാർക്ക് ലിസ്റ്റ് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

**2) സ്കോളർഷിപ്പ് തുക:-**

പ്രതിവർഷം 10,000/- (പത്തായിരം) രൂപ

**3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**

അപേക്ഷകർക്ക് ഐ.എഫ്.എസ്. കോഡ് ഉള്ള നാഷണലൈസ്ഡ് / ഷെഡ്യൂൾഡ് എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം .അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കണം . തുക അനുവദിക്കുമ്പോൾ അക്കൗണ്ട് ലൈവ് അല്ലെങ്കിൽ സ്കോളർഷിപ് തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതാണ് . അതിനുശേഷം ടി തുക വിദ്യാർത്ഥികൾക്ക് വീണ്ടും ലഭിക്കുന്നതല്ല

4) അപേക്ഷിക്കേണ്ടുന്ന രീതി

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 26 / 02 / 2023 വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) www.dce.scholarship.kerala.gov.in എന്ന വെബ് സൈറ്റിലെ
suvarnajubileemeritscholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ Renewal button ക്ലിക്ക് ചെയ്യുക.

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന District,institution type എന്നിവ സെലക്റ്റ് ചെയ്യുക.

ഡി) അപേക്ഷർ പഠിയ്ക്കുന്ന സ്ഥാപനത്തിൻറെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകൻറെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം submit ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം view/print എടുക്കുക.

ഐ) registraion form printout അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക്

സമർപ്പിക്കേണ്ടതാണ് .

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും Registration printout ഉം ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ് .(verifiction)

കെ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (approval)

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ് . കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ് .

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**<u>(iii) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടുന്ന രേഖകൾ</u>**

എ) Registration printout

ബി) അപേക്ഷകൻറെ സ്വന്തം പേരിലുള്ള Bank passbook ൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൽറ്റ് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും മാർക്ക് ലിസ്റ്റ് ലഭിക്കുമ്പോൾ 50%ശതമാനം മാർക്ക് ലഭിച്ചില്ലെങ്കിൽ ലഭിച്ച തുക തിരിച്ചടക്കാമെന്നു സമ്മതിച്ചു കൊണ്ടുള്ള സമ്മതപത്രം വാങ്ങേണ്ടതും , മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിൻറെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ് .)

ഡി) ആധാർകാർഡിൻറെ പകർപ്പ്

**<u>(IV ) അവസാന തീയതികൾ</u>**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകർ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 26 / 02 / 2023

ബി)Registration printout ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: 28 / 02 / 2023

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അംഗീകരിക്കേണ്ട അവസാന തീയതി : 02 / 03 / 2023

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു. വിശദവിവരങ്ങൾക്ക് 9446780308 എന്ന നമ്പരിൽ ബന്ധപ്പെടുക

Manomohan K

മനോമോഹൻ.കെ.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**Approval Valid**

Digitally Approved By
Manomohan K
Date: 17.02.2023
Reason: Approved